"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി. ജി. ഹോസ്പിറ്റൽ - പൂന്തി - അണമുഖം ബൈപ്പാസ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 355/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

| | |
|---|---|
| **സ.ഉ.(സാധാ) നം.2024/2024/LSGD** | **തീയതി, തിരുവനന്തപുരം, 23-10-2024** |

പരാമർശം:-
1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 04/03/2024-ലെ എ3/1378/09/ട്രിഡ നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം. 1532/2024/ത.സ്വ.ഭ.വ, തീയതി 16/08/2024.
3. സ.ഉ.(സാധാ) നം. 7218/2024/ധന, തീയതി 27/09/2024.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി. ജി. ഹോസ്പിറ്റൽ - പൂന്തി - അണമുഖം ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് മുൻ ഉടമ ശ്രീമതി ലക്ഷ്മി പിള്ള ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 355/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 9,76,684/- രൂപ (ഒൻപത് ലക്ഷത്തി എഴുപത്തിയാറായിരത്തി അറുന്നൂറ്റി എൺപത്തിനാല് രൂപ മാത്രം) അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 355/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 9,76,684/- രൂപ (ഒൻപത് ലക്ഷത്തി എഴുപത്തിയാറായിരത്തി അറുന്നൂറ്റി എൺപത്തിനാല് രൂപ മാത്രം) ബന്ധപ്പെട്ട കക്ഷിക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93-Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 9,77,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധികധനാനുമതിയുടെയും അടിസ്ഥാനത്തിൽ ജി. ജി. ഹോസ്പിറ്റൽ - പൂന്തി - അണമുഖം ബൈപ്പാസ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ സർവ്വേ നം. 441 (Re. Sy. No. 142)-ൽപ്പെട്ടതും ശ്രീമതി ലക്ഷ്മിപിള്ളയുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.20 ആർ ഭൂമി

ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 355/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 9,76,684/- രൂപ (ഒൻപത് ലക്ഷത്തി എഴുപത്തിയാറായിരത്തി അറുന്നൂറ്റി എൺപത്തിനാല് രൂപ മാത്രം) 4217 CAPITAL OUTLAY ON URBAN DEVELOPMENT - 60 OTHER URBAN DEVELOPMENT SCHEMES - 800 OTHER EXPENDITURE - 93 Payment of compensation in LAR Cases (Plan - Charged) എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷിയായ ശ്രീമതി ലക്ഷ്മിപിള്ളയ്ക്ക് (D/o ഗൗരിക്കുട്ടി പിള്ള, റ്റി.സി.13/1661, ലതാ വിഹാർ, മണ്ണറ വീട്, മുറിഞ്ഞപാലം, പട്ടം, തിരുവനന്തപുരം) റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി,തിരുവനന്തപുരം വികസന അതോറിറ്റി.
ശ്രീമതി ലക്ഷ്മിപിള്ള, D/o ഗൗരിക്കുട്ടി പിള്ള, റ്റി.സി.13/1661, ലതാ വിഹാർ, മണ്ണറ വീട്, മുറിഞ്ഞപാലം, പട്ടം, തിരുവനന്തപുരം. (ജില്ലാ കളക്ടർ മുഖാന്തിരം).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (No. WCD-3/170/2024-Fin dated 07/10/2024).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ.1/258 /2024/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 23-10-2024 12:38:06
സെക്ഷൻ ഓഫീസർ